പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 686

19.3.2013 ൽ
മറുപടിയ്ക്ക്

## സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. ഹൈബി ഈഡൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) കൊച്ചി – സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട 246 ഏക്കർ സ്ഥലം സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചറിന് പാട്ടത്തിന് നൽകുവാനുള്ള പാട്ട കരാർ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ ഭൂമിക്ക് ഒറ്റ സെസ് പദവി കേന്ദ്ര ഗവൺമെന്റിന്റെ ബോർഡ് ഓഫ് അപ്രൂവലിന്റെ പരിഗണനയിലാണ്.<br>ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 1 MLD ജലം നൽകുന്നതിനാവശ്യമായ നടപടികൾ കിൻഫ്രയും 10 MVA വൈദ്യുതി അവർ ആവശ്യപ്പെടുന്നത് അനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡും സ്വീകരിച്ചുവരുന്നു. |
| ബി) എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) സ്മാർട്ട്സിറ്റിയുടെ ഭൂമിയിൽ 10900 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള പവിലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 3.5 ദശ ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| സി) എത്ര തുക സ്മാർട്ട്സിറ്റിക്കുവേണ്ടി നൽകിയിട്ടുണ്ട് ; | സി) സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്. |
| ഡി) സ്മാർട്ട്സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ഡി) സ്മാർട്ട്സിറ്റിയുടെ മുഴുവൻ ഭൂമിക്കും ഒറ്റസെസ്സ് പദവി അനുവദിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| ഇ) | ഇത് കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | ഇ) | സ്മാർട്ട്സിറ്റിയുടെ ഭൂമി കടമ്പ്രയാറിന് ഇരുവശത്തുമായിട്ടാണ് സ്ഥിതിചെയ്യുന്നത്. ഇരുവശത്തും സ്ഥിതിചെയ്യുന്ന സ്ഥലത്തിന് ഒറ്റ സെസ്സ് പദവി ലഭിക്കുന്നതോടെ ഭരണപരമായ സൗകര്യത്തിന് പുറമെ ഒറ്റ വിജ്ഞാന അധിഷ്ഠിത IT/ITES ടൗൺഷിപ്പ് എന്ന നേട്ടവും കൈവരിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ